**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **27-01-2026 - ൽ മറുപടിയ്ക്ക്**

**നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് എതിരെയുള്ള സ്വകാര്യ വ്യക്തിയുടെ കേസിൽ ഫയർ&റെസ്ക്യൂ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | കോഴിക്കോട് ജില്ലയിൽ നാദാപുരം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കോഴിക്കോട് ജില്ലാ കളക്ടറുടെ 14.05.2019 DCKKD/**197**/**19**/4 നമ്പർ നടപടിക്രമം പ്രകാരം വടകര താലൂക്ക്, നാദാപുരം വില്ലേജ്, നാദാപുരം ദേശത്തെ റീ-സർവ്വേ നം.73/1 ൽപ്പെട്ട 25 സെന്റ് സ്ഥലം അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് നിലയത്തിനായി അനുവദിച്ചുകിട്ടിയ ഭൂമിയിലേയ്ക്ക് സർക്കാർ വക പുറമ്പോക്ക് ഭൂമിയിലൂടെ വഴി നിർമ്മിക്കുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ഒരു സ്വകാര്യ വ്യക്തി അവകാശവാദം ഉന്നയിക്കുകയും തുടർന്ന് പ്രസ്തുത ഭൂമി ഉൾപ്പെടുത്തി നാദാപുരം ഗ്രാമപഞ്ചായത്തിനെ എതിർ കക്ഷിയാക്കി ബഹു.വടകര സബ് കോടതി മുമ്പാകെ OS.40/2018 നമ്പർ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. കേസിൽ അഗ്നിരക്ഷാ സേവന വകുപ്പ് കക്ഷി ആയിരുന്നില്ല. നിലവിൽ വകുപ്പ് കക്ഷി ചേരേണ്ടതില്ല എന്നും പകരം വകുപ്പിന്റെ വാദങ്ങൾ സമർത്ഥിച്ചുകൊണ്ട് സർക്കാരിനു വേണ്ടി കോഴിക്കോട് ജില്ലാ കളക്ടർ കേസിൽ കക്ഷിചേർന്നാൽ മതിയെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ വാദങ്ങൾ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ആയി കോഴിക്കോട് ജില്ലാ കളക്ടർ മുഖാന്തരം ബഹു.കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ